പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1701 11/2/2013-ൽ മറുപടിയ്ക്ക്

## പൊക്കം കുറഞ്ഞ തെങ്ങിനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. വിൻസെന്റ് | ശ്രീ. കെ.പി.മോഹനനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കേരളത്തിൽ നിലവിൽ വികസിപ്പിച്ചെടുത്തിട്ടുള്ള പൊക്കം കുറഞ്ഞ തെങ്ങിനങ്ങൾ ഏതെല്ലാം; | എ) ചാവക്കാട് ഓറഞ്ച് കുറിയയിനം, കൽപശ്രീ, കൽപരക്ഷ തുടങ്ങിയവയാണ് നിലവിൽ വികസിപ്പിച്ചെടുത്തിട്ടുള്ള പൊക്കം കുറഞ്ഞ തെങ്ങിനങ്ങൾ |
| ബി) തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷാമം കണക്കിലെടുത്ത് ഇത്തരം തെങ്ങുകളുടെ കൃഷി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | ബി) പൊക്കം കുറഞ്ഞ ഇനം തെങ്ങുകളുടെ കൃഷി വ്യാപിക്കുന്നതിനായി ബൃഹത്തായ പദ്ധതിക്ക് കൃഷി വകുപ്പ് പ്രാധാന്യം നൽകി വരുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ പൊക്കം കുറഞ്ഞ തെങ്ങുകളുടെ ഡാറ്റാ ബാങ്ക് സർവ്വെയിലൂടെ തയ്യാറാക്കി വരുന്നു. തുടർന്ന് ഇവയെ മാതൃവൃക്ഷമായി ഉപയോഗിച്ച് സങ്കര വർഗ്ഗത്തിൽപെട്ട പൊക്കം കുറഞ്ഞ ഇനം ഉല്പാദിപ്പിച്ച് വ്യാപിപ്പിക്കുന്നതിനും പൊക്കം കുറഞ്ഞ തൈകൾ ഉത്പാദിപ്പിച്ചു വിതരണം നടത്താനും ഇതിനാവശ്യമായ പരിശീലനം |

ജില്ലകളിലെ കൃഷി ഉദ്യോഗസ്ഥർക്കും കർഷക തൊഴിലാളികൾക്കും നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**